


**കേരള സാഹിത്യ അക്കാദമി**
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020 ടെലഗ്രാം: സാഹിതി
ഫോൺ & ഫാക്സ് 0487 2331069, 2331103 ഇ.മെയിൽ keralasahityaakademi@gmail.com
വെബ്സൈറ്റ് keralasahityaakademi.org


dsyn/mad/9846623979

**കേരള സാഹിത്യ അക്കാദമി**

**സംസ്ഥാനത്തെ സ്കൂളുകളിൽ**
**മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കിയ**
**ബഹു.കേരള സർക്കാരിന്**
**കേരള സാഹിത്യ അക്കാദമിയുടെ**

# അഭിനന്ദനം



## കേരള സാഹിത്യ അക്കാദമി




# സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കിയ
# ബഹു.കേരള സർക്കാരിന് കേരളസാഹിത്യ അക്കാദമിയുടെ അഭിനന്ദനം

നാനാതരത്തിലുള്ള അധിനിവേശത്തിന്റെ ഇരകളായി ലോകത്ത് നിരവധി ഭാഷകൾ മൺമറഞ്ഞു പോയിട്ടുണ്ട്. സ്വാതന്ത്ര്യവും ജനാധിപത്യവും പുലരുന്ന ആധുനികകാലത്തും ഇങ്ങനെ ഭാഷകൾ മൃതാവസ്ഥയിലേയ്ക്ക് തെന്നിനീങ്ങുന്നത് ഹൃദയഭേദകമാണ്. മാതൃഭാഷയെ സംബന്ധിച്ച അധമബോധം ജനതയുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ചോർത്തിക്കളയുന്നു. സ്വന്തം ഭാഷ വിജ്ഞാനസമ്പാദനത്തിനും ആഗോള ആശയവിനിമയത്തിനും പ്രാപ്തമല്ലെന്ന ബോധം വളർത്തിക്കൊണ്ടാണ് ജനങ്ങൾക്കുമേൽ അധിനിവേശം ഇടപെടുന്നത്. ഭാരതത്തിന്റെ നവോത്ഥാനഘട്ടത്തിൽ ഇതിനെ പ്രതിരോധിക്കാനുള്ള ആസൂത്രിതശ്രമങ്ങൾ നടന്നിട്ടുണ്ട്. ഭാഷയോടുള്ള ഭക്തി, ആദരം എന്നിവ ശ്രേഷ്ഠകവികൾ അവരുടെ രചനകളിലൂടെ പ്രകടിപ്പിച്ചിട്ടുണ്ട്. “വാരിധിതന്നിൽ തിരമാലകളെന്ന പോലെ/ഭാരതീ പദാവലി തോന്നേണം കാലേ കാലേ” എന്ന് എഴുത്തച്ഛൻ പാടി. മാതൃഭാഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഇന്നും നാം ജാഗരൂകരാവണം.

സംസ്ഥാനത്തെ സ്കൂളുകളിൽ ഈ വർഷം തന്നെ മാതൃഭാഷയായ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി ബഹു. കേരള സർക്കാർ ഉത്തരവിറക്കിയിരിക്കുന്നു. നമ്മുടെ മാതൃഭാഷ നമ്മുടെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്നാം ഭാഷയായി പഠിക്കുന്നതിന് ഈ ഉത്തരവിലൂടെ സാധ്യമാകും. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തെയും പാഠ്യപദ്ധതിയിൽ അതതിടത്തെ മാതൃഭാഷയ്ക്ക് ഇല്ലാത്ത ദുരനുഭവം കേരളത്തിൽ മലയാളത്തിനുണ്ടായിരുന്നത് ഈ ഉത്തരവിലൂടെ നീങ്ങിയിരിക്കുകയാണ്.

സാഹിത്യ അക്കാദമിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രമുഖമായിരുന്ന ഈ ആവശ്യം കാലവിളംബമില്ലാതെ നടപ്പിലാക്കിയ ബഹു.മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരള സർക്കാരിന് കേരള സാഹിത്യ അക്കാദമിയുടെ ഐക്യദാർഢ്യവും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

**ആർ.ഗോപാലകൃഷ്ണൻ**
സെക്രട്ടറി
2011 ജൂൺ 30